# ചെറുപഴശ്ശി എൽപി സ്കൂൾ

ചെറുപഴശ്ശി എൽപി സ്കൂൾ
13806
കൊളച്ചേരി വഴി ,കണ്ണൂർ ജില്ല
6 7 0 6 0 1
കുട്ടികളുടെ എണ്ണം :52

# അക്കാദമിക് മാസ്റ്റർ പ്ലാൻ.

കുട്ടിയുടെയുടെ സവിശേഷമായ കഴിവും
പരിമിതികളും തിരിച്ചറിഞ്ഞ്  മുഴുവൻ
കുട്ടികളുടെയും പഠന മുന്നേറ്റത്തിന് തുല്യമായ
അവസരങ്ങൾ ഒരുക്കി മാനസികവും
ബുദ്ധിപരവുമായ എല്ലാ കഴിവുകളും വികസിപ്പിച്ച്
അക്കാദമിക് വളർച്ചക്കുവേണ്ടി
തയാറാക്കുന്ന സമഗ്രമായ രേഖയാണ്

**അക്കാദമിക് മാസ്റ്റർ പ്ലാൻ.  .**

# 2025-26

| Class | Boys | Girls | Total |
|---|---|---|---|
| 1 | 5 | 6 | 11 |
| 2 | 11 | 10 | 21 |
| 3 | 3 | 8 | 11 |
| 4 | 6 | 6 | 9 |
| | 26 | 26 | 52 |

# വിദ്യാലയം കൈവരിച്ച നേട്ടങ്ങൾ

## അക്കാദമികം

2024-25 വർഷം നാലാം ക്ലാസിൽ 14 കുട്ടികളിൽ 5 പേർ എൽഎസ്എസ് യോഗ്യത നേടി

കല -ശാസ്ത്രമേള പ്രവർത്തനങ്ങളിൽ പങ്കെടുത്തു സ്കൂൾ 59, 75 പോയിൻറ് എൽ പി വിഭാഗത്തിൽ നേടിയിരിക്കുന്ന .ഓരോ വർഷവും നാലാം ക്ലാസ്സിൽ പഠിക്കുന്ന മുഴുവൻ കുട്ടികളെയും ഏതെങ്കിലുമൊരു ഇനത്തിൽ പങ്കെടുപ്പിക്കുകയും അവർക്ക് മികച്ച ഗ്രേഡ് നേടിയെടുക്കുവാനും സാധിച്ചിട്ടുണ്ട് . അതിലൂടെ ഓരോ വിദ്യാർഥിക്കും ആത്മവിശ്വാസം വർദ്ധിക്കുകയും മികച്ച ഒരു വ്യക്തിത്വത്തിന് ഉടമയാകാൻ സാധിക്കുകയും ചെയ്യുന്നു. അതുതന്നെയാണ് സ്കൂളിൻറെ മികവും വളരെ പരിമിതമായ സാഹചര്യങ്ങളിൽ നിന്നും കഠിനപ്രയത്നം കൊണ്ടു മാത്രമാണ് കുട്ടികൾക്ക് സബ്ജില്ലയിൽ ഇങ്ങനെ മുന്നിൽ എത്താൻ കഴിയുന്നത് . രാവിലെ 9:15 മുതൽ

തുടങ്ങുന്ന ചിട്ടയായ പരിശീലനത്തിലൂടെ മുഴുവൻ കുട്ടികളെയും ഓരോ പ്രതിഭ ആക്കി മാറ്റുന്നതിന് സ്കൂളിന് കഴിയുന്നു.

# സ്കൂൾ നേരിടുന്ന പ്രശ്നങ്ങൾ /വെല്ലുവിളികൾ

## അക്കാദമികം

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതമൂലം ലാബുകൾ,ലൈബ്രറി തുടങ്ങിയവ ഉപയോഗിച്ചുള്ള മെച്ചപ്പെട്ട പഠനസൗകര്യങ്ങൾ ലഭിക്കുന്നില്ല എന്നത് തന്നെയാണ് അക്കാദമിക രംഗത്ത് നേരിടുന്ന വെല്ലുവിളി .എങ്കിലും അടുത്തുള്ള വായനശാലകളെ ആശ്രയിച്ച വായനയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹാരങ്ങൾ കണ്ടെത്തുന്നുണ്ട് ലേബ് , കമ്പ്യൂട്ടർ റൂമുണ്ടെങ്കിൽ കുട്ടികളുടെഅക്കാദമിക പുരോഗതിയിൽ കൂടുതൽ മാറ്റങ്ങൾ വരുത്താൻ സഹായിക്കും

# സാമൂഹികം

സ്കൂളുമായി സഹകരിക്കുന്ന നല്ല പൊതുസമൂഹം ഉണ്ടെങ്കിലും മാനേജ്മെൻറ് സമൂഹവുമായി യോജിച്ച പോകാത്തത് വലിയൊരു വെല്ലുവിളിയായി അവശേഷിക്കുന്നു അടിസ്ഥാനസൗകര്യം .1917 സ്ഥാപിതമായ സ്കൂളിന് ഇന്നും നല്ലൊരു കെട്ടിടം, ലൈബ്രറി, ലാബ് ,ഓഫീസ് റൂം തുടങ്ങിയവ ഇല്ല.

# കുട്ടികളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി

സാമൂഹികമായും സാമ്പത്തികമായും താഴ്ന്ന മേഖലയിലുള്ളവരാണ് ഭൂരിഭാഗംകുട്ടികളും .

# ഭൂമിശാസ്ത്രം

സ്കൂളിൻറെ മുന്നിൽ കൂടി പോകുന്ന റോഡിൽ കൂടിഏകദേശം പതിനഞ്ചോളം ബസ് ട്രിപ്പുകൾ പോകുന്നുണ്ട് . വളവ് തിരിഞ്ഞു വരുന്ന സ്ഥലം കുത്തനെ ആയതുകൊണ്ടുതന്നെ അപകടസാധ്യതയേറെയാണ് .അതുപോലെതന്നെ

പടിഞ്ഞാറുഭാഗം എല്ലാവർഷവും കരകവിഞ്ഞൊഴുകുന്ന തോടും. തൊട്ടുമുന്നിലെ വയലും തോടും ഒന്നാകുന്ന അവസ്ഥ ഉണ്ടാകാറുണ്ട് ഉണ്ട് . ഇങ്ങനെയുള്ള രണ്ടു ഭാഗങ്ങൾ ഉണ്ടെങ്കിലും സ്കൂളിന് ഒരു ചുറ്റമതിൽ ഇല്ല. ഇത് സ്കൂളിന് ഒരുഭീഷണിയായി നിലനിൽക്കുന്നു .ഇതിനൊരു പരിഹാരം കണ്ടെത്തുകയെന്നത് സ്കൂൾ നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ് .തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിവേദനങ്ങൾ സമർപ്പിച്ചെങ്കിലും അനുകൂല മറുപടി ഇതുവരെ ഉണ്ടായിട്ടില്ല ഇല്ല മികച്ച അക്കാദമിക നിലവാരം പുലർത്തുന്നു എങ്കിലും ഭൗതിക
സാഹചര്യങ്ങളുടെ അപര്യാപ്തത സ്കൂളിനു ഒരു ഭീഷണിയായി മാറിയിരിക്കുകയാണ്

# സാധ്യതകൾ

സ്കൂളിന് വലിയൊരു ഫീഡിങ് ഏരിയ ഉണ്ട് .ന്യൂനപക്ഷ വിദ്യാർത്ഥികൾ, എസ്സി വിഭാഗങ്ങൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്ന പ്രദേശത്തിനടുത്ത് ഒരു ഹരിജൻ കോളനി സ്ഥിതിചെയ്യുന്ന .മൂന്ന് വായനശാലകള് സ്കൂളിന് സമീപത്തുണ്ട് .വാഹന സൗകര്യത്തിനുള്ള റോഡ്,ജലലഭ്യത,വയൽ, തോട് എന്നിവയാൽ പ്രകൃതിസുന്ദരമായ പ്രദേശം. ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന ആശയംനടപ്പിലാക്കാൻ സാധിക്കുന്ന ഒരു പരിസരം സ്കൂളിനുണ്ട് . സ്കൂളിനെ പുരോഗതിയിലേക്ക് നയിക്കാൻ എല്ലാവിധ പിന്തുണയും നൽകുന്ന രക്ഷിതാക്കൾ ,വിവിധ പരിപാടികൾ സംഘടിപ്പിക്കുന്ന വായനശാലകൾ എന്നിവ സ്കൂളിൻറെ
കരുത്താണ് .20 വർഷത്തിലേറെയായി തുടരുന്ന മാനേജ്മെൻറ് തർക്കങ്ങൾക്ക്ഒരു പരിഹാരം ഉണ്ടായാൽ സംസ്ഥാനത്തെ മികച്ച ഒരു എൽ പി സ്കൂൾ ആയി മാറാൻ ചെറുപഴശ്ശി സ്കൂളിന് കഴിയും .

# സാമൂഹികം

ഡോക്ടർ എൻജിനീയർ മാധ്യമപ്രവർത്തകർ കൃഷിക്കാർ പോലീസ് തുടങ്ങി എല്ലാ തുറകളിലുംഉള്ള ഒരു സമൂഹം സ്കൂളിനുണ്ട് .ഇവരെ ഫലപ്രദമായി ഉപയോഗിച്ചാൽ അക്കാദമിക് രംഗത്ത് വളരെയധികം പുരോഗതി ഉണ്ടാക്കാൻ

കഴിയും .നിലവിൽ പലരും സ്കൂൾ വികസനത്തിൽ പങ്കാളികളാണ് .

# സാങ്കേതികവിദ്യ

തളിപ്പറമ്പ് എംഎൽഎ ശ്രീ ജയിംസ് മാത്യു അവർകളുടെ സമഗ്ര വിദ്യാലയ വികസന പരിപാടിയുടെ ഭാഗമായി മൂന്ന് ടി വിഅനുവദിച്ച കിട്ടി. കേരള സർക്കാരിൻറെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻറെ ഭാഗമായി മൂന്നു ലാപ്ടോപ്പും രണ്ടു പ്രൊജക്ടറുകളും ലഭിച്ചിട്ടുണ്ട് . ഇവയെല്ലാം ഉപയോഗിച്ച് കുട്ടികൾക്ക് ഐടി അധിഷ്ഠിത പഠനം നടത്തുന്നുണ്ട് .എങ്കിലും ഒരു സ്മാർട്ട് ക്ലാസ്റൂം ,ലൈബ്രറി, ക്യാമറ, പ്രിൻറർ, സ്കാനർ എന്നിവ ഇല്ലാത്തതുകൊണ്ട് കുട്ടികളുടെ പഠനം പൂർണ്ണതയിൽ എത്തിക്കാൻ കഴിയുന്നില്ല.ഇവ ഉണ്ടെങ്കിൽ പ്രാദേശിക വിദഗ്ദരെയും പൂർവ്വ വിദ്യാർത്ഥികളേയും ഉൾപ്പെടുത്തി കൂടുതൽ പരിശീലനം നൽകാൻ സാധിക്കും .

# പിന്തുണ സംവിധാനം

രക്ഷിതാക്കളും നാട്ടുകാരും വായനശാലകളും അടങ്ങുന്ന പൊതുസമൂഹം സ്കൂൾ പ്രവർത്തനങ്ങൾക്ക് സഹായിക്കാൻ സന്നദ്ധരാണ് . തളിപ്പറമ്പ് സബ് ജില്ലയിലെ 64 സ്കൂളുകൾ പരിശോധിച്ചാൽ കുട്ടികളുടെ എണ്ണത്തിൽ കുറവ് അനുഭവപ്പെടുന്ന ഒരു വിദ്യാലയമാണ്

കഴിഞ്ഞ വർഷങ്ങളിലെ കലാ ശാസ്ത്രമേളകൾ പരിശോധിച്ചാൽ കണ്ടെത്താൻ കഴിയുന്ന വസ്തുത തളിപ്പറമ്പ് സബ് ജില്ലയിലെ മുൻനിരയിലുള്ള സ്കൂളുകളിൽ ഒന്നാകാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട് എന്നതാണ് . മാനേജ്മെൻറ് പ്രശ്നങ്ങൾ,ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത, സ്കൂൾ വാഹനത്തിൻറെ അപര്യാപ്തത തുടങ്ങിയ ധാരാളം പരിമിതികൾക്കിടയിലും സ്കൂൾ തല ഉയർത്തി നിൽക്കുന്നത് മികച്ച അക്കാദമിക് അക്കാദമികേതര നിലവാരം പുലർത്തുന്നു എന്നതാണ് . അത് തന്നെയാണ് സ്കൂളിൻറെ കരുത്തും സാധ്യതയും .

# 2016- 17 മുതലുള്ള സ്കൂൾ നേതൃത്വത്തിന് ഇടപെടലുകൾ (വിവരണവും തെളിവുകളും )

| Year | Total students | LSS |
|---|---|---|
| 17-18 | 18 | 6 |
| 18-19 | 8 | 1 |
| 19-20 | 19 | 7 |
| 20-21 | 18 | 4 |
| 21-22 | 12 | 2 |
| 22-23 | 19 | 1 |
| 23-24 | 9 | 0 |
| 24-25 | 14 | 5 |
| | | |
| | | |
| | | |
| | | |
| | | |
| | | |

## സാംസ്കാരികം

സമൂഹത്തെയും പൂർവ്വ വിദ്യാർത്ഥികളെയുംകുട്ടികളെ ഉൾപ്പെടുത്തി വളരെ വിപുലമായി കൊണ്ടുള്ള പഠന പ്രവർത്തനങ്ങളാണ് ശതവാർഷിക ഉത്സവത്തിൽ ഉണ്ടായിരുന്നത് . പ്രതിഭാ പരിശീലനം, ശാസ്ത്രപരീക്ഷണങ്ങൾ, ബാലസഭ,ഇംഗ്ലീഷ് റീഡിങ്, മലയാളം ഇംഗ്ലീഷ് റൈറ്റിംഗ് , തുടങ്ങിയ പ്രവർത്തനങ്ങൾ ആഴ്ചയിൽ ഓരോ ദിവസം വീതം എല്ലാ ആഴ്ചയും കൃത്യമായി നടത്തുന്നു .കൂടാതെ എല്ലാ ആഴ്ചയും വായനശാല സന്ദർശിച്ച് കുട്ടികൾ പുസ്തകങ്ങൾ എടുത്തു വായിക്കുന്നു. വൈകുന്നേരം 3 .30 മുതൽ 4. 30 വരെ ഓരോ ക്ലാസിലെ കുട്ടികൾ ലൈബ്രേറിയനും ഒന്നിച്ച് വായനശാലയിൽ എത്തി പുസ്തകങ്ങൾ എടുത്തു വായിച്ചു വീട്ടിൽ കൊണ്ടുപോയി വായനാ കുറിപ്പുകൾ തയ്യാറാക്കുന്നു. ഇത് കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട് . 2016- 17 വർഷത്തിൽ നടത്തിയ വാർഷിക ആഘോഷം സാംസ്കാരികരംഗത്തും സ്കൂളിൻറെ മികവ് ഉയർത്തുന്നതായി . പരിപാടികളിൽ മിക്കവയും സമൂഹത്തിൻെറ നല്ല പങ്കാളിത്തത്തോടെ കൂടിയാണ് നടത്താൻ കഴിഞ്ഞത് പ്രശസ്തരായ സാംസ്കാരിക നായകന്മാരുടെ നിരവധി ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട് . സ്കൂൾ വിദ്യാരംഗം ഉദ്ഘാടനം ചെയ്തത് പ്രശസ്ത സാഹിത്യകാരനും കവിയുമായിരുന്ന കെ .ടി .രാധാകൃഷ്ണൻ മാഷ് ആയിരുന്നു അത് ഒരു വൻ ജനപങ്കാളിത്തത്തോടെ നടത്താൻ സ്കൂളിനു കഴിഞ്ഞു .അതുകൂടാതെ തളിപ്പറമ്പ് സൗത്ത് സബ് ജില്ലയിലെ മികച്ച സ്കൂൾ മാതൃകകളായി  തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലൊന്നായി മാറാനും സ്കൂളിന് കഴിഞ്ഞിട്ടുണ്ട് ഓരോ വർഷവും നൂതനങ്ങളായ നിരവധി പ്രവർത്തനങ്ങൾ സ്കൂൾ ഏറ്റെടുത്തു നടത്തുന്നു .

# നൂതനാശയ പ്രവർത്തനങ്ങൾ

കണ്ണൂർ ജില്ലയിൽ സർഗവിദ്യാലയം പരിപാടിയിൽ പങ്കെടുക്കാൻ സ്കൂളിന്   കഴിഞ്ഞിട്ടുണ്ട് . പ്രതിഭാ പഠനകേന്ദ്രം രാവിലെ 9.15 മണി മുതൽ 10 മണി വരെയും ശനിയാഴ്ചകളിലും കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകിവരുന്നു. അവരവർക്ക് കഴിവുള്ള മേഖലകളിൽ പരിശീലനം നൽകി വരുന്നു . ഇംഗ്ലീഷ് തിയേറ്ററിന്റെ ഭാഗമായി ഇംഗ്ലീഷ് ഡ്രാമകളും സ്കിറ്റുകളും അവതരിപ്പിക്കുകയും ടീവിയിൽ കണ്ട് അതിലെ തെറ്റുകൾ മനസ്സിലാക്കി മെച്ചപ്പെടുത്തുകയും ചെയ്യുന്നു .കുട്ടികളുടെ സർഗ്ഗശേഷി വളരെയധികം ഉയർത്താൻ കഴിഞ്ഞിട്ടുണ്ട് . സർഗവിദ്യാലയത്തിൻറെ ഭാഗമായി പ്രാദേശിക വൈദഗ്ധ്യം ഉൾപ്പെടുത്തി സ്കൂളിൽ കഴിഞ്ഞ വർഷം 10 പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് . അക്കാദമിക് കാര്യങ്ങൾ ഉൾപ്പെടുത്തി കൊണ്ടാണ് ഈ പ്രവർത്തനങ്ങളെല്ലാം തന്നെ നടത്തിയിട്ടുള്ളത് . ഇതിന് പ്രാദേശിക വൈദഗ്ധ്യം മാത്രമാണ് പ്രയോജനപ്പെടുത്തിയത് .ഒഴിവുസമയങ്ങളിൽ മുഴുവൻ കുട്ടികളെയും കമ്പ്യൂട്ടർ സാക്ഷരത ആക്കുക എന്ന പ്രവർത്തനം നടത്തിവരുന്നു .നാലാംക്ലാസ് കഴിഞ്ഞിറങ്ങുന്ന ഏകദേശം 75 ശതമാനം കുട്ടികളും കമ്പ്യൂട്ടറിൽ മലയാളം ടൈപ്പിംഗ് കൃത്യമായി പഠിച്ചവരാണ് .

# അടിസ്ഥാന സൗകര്യ വികസനം

2010 വരെ സ്കൂളിൻറെ ആർ കെട്ടിടങ്ങൾ വളരെയധികം ശോചനീയാവസ്ഥയിൽ ആയിരുന്നു എങ്കിലും 2012 കൂടി സ്കൂൾ ജനകീയ കമ്മിറ്റി രൂപീകരിച്ച് വികസനത്തിനുവേണ്ടി പ്രത്യേക യോഗം ചേർന്നു .അതിലൂടെ മുഴുവൻ ക്ലാസ് റൂമുകളും പ്ലാസ്റ്റർ ചെയ്ത് മോടിപിടിപ്പിക്കാൻ സാധിച്ചിട്ടുണ്ട് . കൂടാതെ പുതിയ ബെഞ്ച് , ഡെസ്ക് എന്നിവ വാങ്ങി. സ്കൂളുകളിൽ സ്കൂളിൽ എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ,നാല് കമ്പ്യൂട്ടറുകൾ, ഒരു പബ്ലിക് അഡ്രസ് സിസ്റ്റം എന്നിവ ജനകീയ കമ്മിറ്റിയുടെ സഹായത്തോടെയാണ് വാങ്ങിയത് . പുതിയ അടുക്കള,ടോയ്ലറ്റ് എന്നിവയും നിർമ്മിച്ചിട്ടുണ്ട് .സ്കൂൾ വൈദ്യുതീകരിച്ച തും പാർട്ടീഷൻ ചെയ്തതും ജനകീയ കമ്മിറ്റി ആണ് .കൂടാതെ ഒരു വലിയ സ്റ്റേജിനുള്ള അടിത്തറ ജനകീയ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉണ്ടാക്കിയിട്ടുണ്ട് .സുരക്ഷ   സ്കൂളിന് മുന്നിൽ ഉള്ള തോടിന്റെ അരിക് സംരക്ഷിക്കുന്നതിനായി ഓരോ വർഷത്തിലും ജൈവവേലി നിർമ്മിക്കുന്നുണ്ട് എങ്കിലും ഓരോ കാലവർഷത്തിലും   അത് മുഴുവൻ തകർന്നു പോവുകയാണ് ചെയ്യുന്നത് .നിലവിൽ നാലോ അഞ്ചോ മുളകൾ ജൈവ വേലിയുടെ ഭാഗമായി വളർന്നു പന്തലിച്ചു നിൽക്കുന്നു .വാതിലുകളും ജനലുകളും ഉണ്ടാക്കുകയും ജാളി വച്ച് സുരക്ഷിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട് .

# സ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവർ സമിതികൾ അവർ വഹിച്ച പങ്ക് .

ജനകീയ കമ്മിറ്റി പൂർവ്വവിദ്യാർത്ഥി സംഘടന അധ്യാപക രക്ഷാകർതൃ സമിതി ഫോറം തുടങ്ങിയവയാണ് എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം വഹിച്ചത് .{സ്കൂളിൽ ഉണ്ടായിട്ടുള്ള ഗുണപരമായ മാറ്റങ്ങൾ നേട്ടങ്ങൾ ലഘു വിവരണവുംതെളിവുകളും ഉൾപ്പെടുത്തണം}

2011 ശേഷം സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട് കൂടാതെ അക്കാദമിക രംഗത്തും കലാ, ശാസ്ത്രരംഗത്തും ഇതുവരെയും ഉണ്ടാകാത്ത പുരോഗതിയാണ് സ്കൂൾ നേടിക്കൊണ്ടിരിക്കുന്നത് .കാര്യങ്ങൾ പരിശോധിച്ചാൽ മുൻപുള്ള ഒരു സ്കൂൾ അന്തരീക്ഷമല്ല നിലവിലുള്ളത് .എങ്കിലും നല്ലൊരു സ്കൂൾകെട്ടിടം ഇന്നും ഒരു സ്വപ്നമായി അവശേഷിക്കുന്നു

# അക്കാദമിക് മാസ്റ്റർ പ്ലാൻ.

## MALAYALAM

| | | |
|---|---|---|
| എല്ലാ കുട്ടികളെയുംമികവുറ്റ സ്വതന്ത്ര വായനക്കാരാക്കുക<br><br>സർഗാത്മകതപരിപോഷിപ്പിക്കൽ<br><br>സർഗാത്മകത എഴുത്തിലേക്ക് ഉയർത്തുക<br>സർഗാത്മകതപരിപോഷിപ്പിക്കൽ<br><br>സർഗാത്മകത എഴുത്തിലേക്ക് ഉയർത്തുക | • വായനക്കാർഡ് നിർമാണം<br>ചിത്രങ്ങൾ ഒരുപേപ്പറിൽ ഒട്ടിക്കുന്നു . ഇതിന് അനുയോജ്യമായ അടിക്കുറിപ്പ് ,കവിത ,കഥ , വിവരണം എന്നിവ എഴുതിച്ചേർത്തു  വർക്ക്ഷീറ്റ് തയ്യാറാക്കൽ .<br><br>• വായനക്കുറിപ്പ് തയ്യാറാക്കൽ<br>,ചെറിയ കൃതികൾ ,കഥകൾ ഇവ വായിച്ച വായനക്കുറിപ്പ് തയ്യാറാക്കുക .ആഴ്ചയിൽ ഒരു ദിവസം പരസ്പരം കൈമാറി വായിക്കുക .<br><br>• ഡയറി എഴുതൽ:<br> ദിവസവും തൻറെ അനുഭവം സ്വന്തം വാക്യത്തിലെഴുതണം ദിവസവും 9 . 30 ന്എല്ലാവര്ക്കും  സ്റ്റാർ നൽകണം .മികച്ച ഡയറി കുറിപ്പുകൾ പ്രദർശിപ്പിക്കുക .സമ്മാനം നൽകുക<br>• പതിപ്പ് നിർമ്മാണം :<br>ഡയറി കുറിപ്പ് ,അടിക്കുറിപ്പുകൾ ,വായനക്കുറിപ്പുകൾ ,കവിത ,കഥ തുടങ്ങിയവ കൂട്ടിച്ചേർത്ത് പതിപ്പ് നിർമ്മിക്കുക .ഓരോ ക്ലാസ്സിനും ഓരോ പതിപ്പ് ആദ്യം ഉണ്ടാക്കണം .തുടർന്ന് വ്യക്തിഗത പതിപ്പുകൾ ഉണ്ടാക്കുക .പരസ്പരം വായിക്കുന്നു<br><br>• എന്റെ കഥ ,പാട്ടു പുസ്തകങ്ങൾ എന്റെ കഥ പാട്ടു പുസ്തകങ്ങൾ. സ്വയം  എഴുതിയ കഥ ,കവിതകൾ ചേർത്ത് എന്റെ കഥാപുസ്തകം ,പാട്ടുപുസ്തകം എന്നിവ കുട്ടികൾ തയ്യാറാക്കി വിപുലീകരിക്കുന്നു പാട്ടു പുസ്തകം ചിത്രീകരിക്കുന്നു .വാർഷികത്തിന് പ്രദർശനം. ,<br><br>• മാസിക നിർമ്മാണം<br>രചനാപ്രവർത്തനങ്ങളുടെ ഭാഗമായി ഉണ്ടായ സൃഷ്ടികൾ ,സ്വയം രചിച്ചവ, ശേഖരിച്ചവ എന്നിവ ഉൾപ്പെടുത്തി  ഓരോ ക്ലാസും മാസികകൾ നിർമ്മിക്കുന്നു .ജീവചരിത്രമെഴുതൽ കുട്ടികൾക്ക്  കവികളുടെ പേരുകൾ നൽകുന്നു .ഓരോ കുട്ടിയും അവർക്കു ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ലഘുജീവചരിത്രവും തയ്യാറാക്കണം .പുസ്തകരൂപത്തിൽ ഇത് പ്രസിദ്ധീകരിക്കാം ചിത്രങ്ങൾ ശേഖരിച്ച് പതിപ്പ് മനോഹരമാക്കാം .എല്ലാവരും വായിച്ച് മികച്ചവയ്ക്ക് കുട്ടികൾ തന്നെ ഗ്രേഡ് നൽകുന്നു..<br><br>•  രചനാശില്പശാല കഥയരങ്ങ് / കവിയരങ്ങ് /രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ . രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച പ്രസിദ്ധീകരിക്കൽ .ക്ലാസ്സ്മുറിയിലെ പഠനസാമഗ്രിയായി മേൽപറഞ്ഞ ഉത്പന്നങ്ങളെ | തിങ്കൾ 3 മണി മുതൽ 4 മാണി വരെ<br>എല്ലാദിവസവും രാവിലെ 9 .30 മുതൽ |

| | | |
|---|---|---|
| | ഉപയോഗിക്കൽ<br>• രചനാശില്പശാല<br><br>• നാടകകളരി പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ /ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കാരം | |
| | **EVS** | |
| .<br><br>വിദ്യാലയത്തിലെ സൗകര്യ പ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കൽ | • **ലഘുപരീക്ഷണങ്ങൾ**<br>• **ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം .അവയുടെ പ്രവർത്തന ക്രമം ചിത്രം സഹിതം പ്രേത്യേകം ബുക്കിൽ വരച്ചു രേഖ പെടുത്തണം**<br><br>• **വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ**<br><br>• **മാസത്തിൽ ഒരു ക്വിസ്സ് സംഘടിപ്പിക്കൽ.** | |
| **കാർഷിക സം സ്കൃതി വീ ണ്ടെടുക്കൽ**<br><br>**കൃഷിയെ പറ്റി പഠിക്കൽ**<br><br>**പരിസരം ഒരു പാഠപുസ്തകം** | • **പച്ചക്കറിത്തോട്ടനിർമാണം**<br>• വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്തു ആകർഷകമായ വിധത്തിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ<br>• വിദ്യാലത്തിനു ചുറ്റും ചെടികൾ കൊണ്ട് വേല<br><br>• നിർമിച്ചു അതിൽ കോവ അമര തുടങ്ങിയവ നട്ടുപിടിപ്പിക്കണം<br>• സമീപത്തുള്ള വയലിൽ നെല്ല് ,കിഴങ്ങുകൾ ,പച്ചക്കറി ഇവ ഉണ്ടാക്കൽ<br>• 1 മുതൽ 4 വരെയുള്ള കൃഷിപാഠങ്ങൾ ജൈവികമായി പഠിപ്പിക്കൽ<br>• ജൈവവൈവിധ്യപാർക്ക്<br><br>**പൂന്തോട്ടം**<br>• നാടൻചെടികൾ(ചെമ്പരത്തികൾ ,കൊഴിവാലൻ ,കോള ◌ാമ്പി ,ചെത്തി ,മന്താരം,കനകാംബരം അരളി ,രാജമല്ലി ,എരുക്ക് ഹനുമാൻകിരീടം തകര പാണൽ പാഷൻഫ്രൂട്,ഉറുമ്പുക്കി,കണിക്കൊന്ന,ആൽ)<br><br>• ഔഷധസസ്യങ്ങൾ (പൂവാംകുരുന്നില്ല മുക്കുറ്റി | |

| | | |
|---|---|---|
| | ,മുയൽച്ചെവിയൻ , ആടലോടകം കയ്യോന്നി ,നിലനാരകം, ,കിരിയാത്ത,ശതാവരി ,ഉങ്ങ്,കറ്റാർവാഴ രാമച്ചം ,പുതിന ,തിരുതാളി ) | |
| (പ്രതിഭാഗ്രൂപ്പുകൾ ) | **ടാലന്റ് ലാബുകൾ**<br><br>കുട്ടികളുടെ വിവിധ തരത്തിലുള്ള കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനു ടാലന്റ് ലാബുകൾ (പ്രതിഭാഗ്രൂപ്പുകൾ ) സൃഷ്ടിക്കുക<br>നൃത്തം ,ചെണ്ട ,സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി കലാമണ്ഡപം എന്ന പേരിൽ പരിശീലന കേന്ദ്രം ആരംഭിക്കണം .അവധി ദിവസങ്ങളിൽ പരിശീലനം<br>മധ്യവേനൽ അവധികാലത്ത് അഞ്ചു ദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീലനം<br>ഓരോ ഗ്രൂപ്പിന്റെയും അവതരണം സമൂഹത്തിലെ ആഘോഷങ്ങളിൽ .<br>(വായനശാല വാർഷികം ,ന്യൂ ഇയർ ,(etc )സ്കൂൾതലത്തിൽ കുട്ടികൾക്ക് പ്രാക്ടീസ് നൽകുന്നു.<br>സ്കൂൾതല മേളയിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ<br>കലോത്സവങ്ങൾ, ശാസ്ത്രോത്സവങ്ങൾ ,LSS,<br>ക്വിസ്സുകൾ,വിദ്യാരംഗം എന്നിവയിൽ മികച്ച വിജയം | |
| ശുചിത്വമുള്ള വിദ്യാലയ അന്തരീക്ഷം ഒരുക്കുക | **ശുചിത്വമുള്ള വിദ്യാലയം**<br>കുട്ടികളെ ഗ്രൂപ്പുകളാക്കി ജൈവ അജൈവ മാലിന്യ സംസ്കരണം ജൈവമാലിന്യ കമ്പോസ്റ്റ് നിർമിക്കുന്നു .ഓരോ ടീച്ചേഴ്സിനും ഓരോ ഗ്രൂപ്പ് ചാർജ് .ഓരോ മാസവും കൂടിയിരുന്ന് ചർച്ച | |

# ENGLISH

| | | |
|---|---|---|
| Create an English learning environment | **English Children's Club**<br>Once a month<br>**English Fest**<br>Various reading and writing competitions and creative presentations are held to bring English speaking and writing skills to a level where they can speak and write fluently.<br>**My Word Book**<br>A book for children in grades 1 and 2 that contains English words that they know and can read (arranged like a dictionary) | |
| | **collection of English publications**<br>Preparing a collection of English publications and books in classrooms<br>Installing a board displaying English news on a wall in a public place where children can see it. | JUNE |
| | **EnglishAssembly**<br>The children themselves will present the entire assembly program in English.<br>Teachers giving messages in English.<br>Assigning tasks to each child at intervals, creating word puzzles, creating English word puzzles, giving children a specific date to find the answer, and announcing the winners through a draw. | |
| | **English Diary**<br>_Write a summary of the events that happen at school and at home each day in your diary in English. | |

| | | |
|---|---|---|
| | <u>English Listening Day, English Corner</u><br>Preparing a bulletin every month focusing on a topic<br>June: Monsoon, July: Population<br>August: Freedom……….<br>English Theater Activities  Presentation.<br>Ex: Skit, Conversation Drama<br>The English passages from the textbook were rewritten into different discourse forms than those presented in the book and presented to the audience. | |

# MATHEMATICE

| | | |
|---|---|---|
| ഗണിതം മധുരതരമാക്കുക | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി സ്കൂൾ പരിസരത്ത് ഗണിത പാർക്ക്  നിർമ്മിക്കും<br><br>ഗണിത ക്യാമ്പിലൂടെ ഗണിത പഠന സാമഗ്രികൾ വിപുലീകരിച്ച് ഗണിത ലാബ് സജ്ജീകരിക്കും | |